(ഇ) പ്രസ്തുത പി.എച്ച്.സി.യുടെ പദവി ഉയർത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മണലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ വിവരം താഴെ ചേർക്കുന്നു :

ക്രമ നമ്പർ	തസ്തികയുടെ പേര്	അനുവദിച്ച എണ്ണം
1.	അസിസ്റ്റന്റ് സർജൻ	2
2.	സ്റ്റാഫ് നേഴ്സ്	3
3.	ക്ലാർക്ക്	1
4.	ഹെൽത്ത് ഇൻസ്പെക്ടർ	1
5.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1	1
6.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2	3
7.	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	2
8.	ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്	6
9.	നേഴ്സിംഗ് അസിസ്റ്റന്റ്	2
10.	ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ് - 2	2
11.	ഒഫ്താൽമിക് അസിസ്റ്റന്റ്	1
12.	പ്യൂൺ	1
13.	പാർട്ട്ടൈം ക്ലീനർ	1

(ബി) ലഭ്യമാണ്.

(സി) രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ മണലൂർ പി.എച്ച്.സി.-യിൽ ഉണ്ട്.

(ഡി&ഇ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വിപുലമായ കിടത്തി ചികിത്സ ഉദ്ദേശിക്കപ്പെട്ടിട്ടില്ലെങ്കിലും ഈ ആവശ്യം വിശദമായ പരിശോധനക്ക് വിധേയമാക്കുന്നതാണ്.

നെടുവ സി.എച്ച്.സി.യിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കാൻ നടപടി

39 (487) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നെടുവ സി.എച്ച്.സി.-യിൽ ഒരു ഗൈനക്കോളജിസ്റ്റ് ഇല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ആശുപത്രിയിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഇല്ലെങ്കിൽ ഇതിനായി സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. നെടുവ സി.എച്ച്.സി-യിൽ ഒരു സിവിൽ സർജന്റെയും 5 അസിസ്റ്റന്റ് സർജന്റെയും തസ്തികകളാണ് നിലവിലുള്ളത്. അവയിൽ ആരുംതന്നെ ഗൈനക്കോളജി സ്പെഷ്യലിസ്റ്റുകൾ അല്ല. സ്പെഷ്യാലിറ്റി കേഡർ സമ്പ്രദായം ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ഗൈനക്കോളജി സ്പെഷ്യാലിസ്റ്റിനെ നിയമിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) നെടുവ സി.എച്ച്.സി. സ്പെഷ്യാലിറ്റി കേഡറിൽ ഉൾപ്പെട്ടിട്ടില്ല എന്നിരുന്നാലും ഗൈനക്കോളജിസ്റ്റിനെ ലഭ്യതക്കനുസരിച്ച് പ്രസ്തുത സി.എച്ച്.സി.-യിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതാണ്.

ബാലുശ്ശേരി സി.എച്ച്.സി-യിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി

40 (488) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രോഗികളെ പരിശോധിക്കുന്നതിനായി ഡോക്ടർമാർ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ബാലുശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ 1 സിവിൽ സർജന്റെയും, 3 അസിസ്റ്റന്റ് സർജന്റെയും തസ്തികകളാണുള്ളത്. ഇതിൽ സിവിൽ സർജന്റെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. 2 സി.ആർ.എസ്. ഡോക്ടർമാരുടെ സേവനം ഈ സ്ഥാപനത്തിൽ അധികമായി നൽകിയിട്ടുണ്ട്. ഇപ്പോൾ 3 അസിസ്റ്റന്റ് സർജൻ, 2 സി.ആർ.എസ്. ഡോക്ടർമാർ എന്നിവരുടെ സേവനം ഇവിടെ ലഭ്യമാണ്. സിവിൽ സർജന്റെ തസ്തികയിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ഉള്ളിയേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി

41 (489) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഉള്ളിയേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ലെന്നുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly